## പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2910**

**13.03.2018 - ൽ**
**മറുപടിയ്ക്ക്**

### നെല്ലിയാമ്പതി ഓറഞ്ച് ഫാമിലെ ദിവസവേതനക്കാരായ തൊഴിലാളികൾ

**ചോദ്യം**
**ശ്രീ. ഷാഫി പറമ്പിൽ**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** നെല്ലിയാമ്പതി ഓറഞ്ച് ഫാമിലെ ദിവസവേതനക്കാരായ ഫാം തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുന്നതിനുള്ള സമയ പരിധി സ.ഉ. (സാധാ)നം.2207/2010/കൃഷി തീയതി 14.12.2010 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായെങ്കിലും 365 തൊഴിലാളികളിൽ നാമമാത്രമായവർക്ക് മാത്രമേ നിയമനം നൽകിയിട്ടുള്ളുവെന്നിരിക്കെ ശേഷിച്ചവരെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | **എ)** 19/02/2008 മുതൽ 01/12/2016 വരെ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള ഫാമുകളിൽ ചുരുങ്ങിയത് 30 ദിവസമെങ്കിലും ജോലി ചെയ്ത ദിവസ വേതനക്കാരായ തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കാവുന്നതാണെന്ന് 13/12/2017-ലെ സർക്കാർ ഉത്തരവ് (കൈ) നം.161/2017/കൃഷി പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| **ബി)** കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ? | **ബി)** കൃഷി ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് ഫാം അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കാണ്. ഇത് സംബന്ധിച്ച വിശദവിവരങ്ങളും മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. |

(signature)
**സെക്ഷൻ ഓഫീസർ**

## കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ അതാത് ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിൽ സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതിനും 19/12/2008 മുതൽ 01/12/2016 വരെ കുറഞ്ഞത് 30 ദിവസമെങ്കിലും ജോലി ചെയ്ത ദിവസ വേതന തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (ഫാംസ്) വകുപ്പ്

**സ.ഉ.(കൈ) നം./161/2017/കൃഷി** തീയതി, തിരുവനന്തപുരം, 13/12/2017

പരാമർശം:- 1)18/12/2008 ലെ സ.ഉ.(സാധാ) നം 2664/2008

2)14/12/2010 ലെ സ.ഉ.(സാധാ) നം 2207/2010/കൃഷി

3) 03/04/2017 ലെ സ.ഉ(എംഎസ്) 51/2017/കൃഷി

4) 23/05/2017, 20/07/2017തീയതികളിലെ കൃഷി ഡയറക്ടറുടെ എൽ.ഡബ്ല്യു(2) 13803/16 നമ്പർ കത്തുകൾ

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള ഫാമുകളിൽ 01/07/2007 വരെ ജോലി ചെയ്ത് വന്നിരുന്ന ദിവസ വേതനക്കാരായ 2837 തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി അംഗീകരിച്ച് അവരെ സ്ഥിരം തൊഴിലാളികളുടെ ഒഴിവുള്ള തസ്തികകളിലേക്ക് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നിയമിക്കുന്നതിന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുണ്ട്. പരാമർശം (2) പ്രകാരം ഈ ആനുകൂല്യം 18/12/2008 വരെ ജോലി ചെയ്ത് വന്നിരുന്ന ദിവസ വേതനക്കാരായ തൊഴിലാളികൾക്കും അനുവദിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.

2) ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒഎ 782/2016 നമ്പർ കേസിലുള്ള 02/12/2016 ലെ ഉത്തരവ് നടപ്പാക്കിക്കൊണ്ട് പരാമർശം(3) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള എല്ലാ ഫാമുകളിലും തൊഴിലാളികളെ സ്ഥിരമായോ,ദിവസ വേതനത്തിലോ, താൽക്കാലികമായോ നിയോഗിക്കുന്നത് സംവരണക്രമം പാലിച്ച് ഫാം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം മാത്രമായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) പരാമർശം(3) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), പരാമർശം(2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കപ്പെട്ട തൊഴിലാളികളെയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഫാമുകളിൽ നിയമിക്കപ്പെട്ട കാഷ്വൽ തൊഴിലാളികളെയും അതത് ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ അംഗീകൃത തസ്തികകളിലെ ഒഴിവുകളിൽ നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് സ്ഥിരപ്പെടുത്തി നിയമിക്കുന്നത് സംബന്ധിച്ചും ഫാമുകളിലെ ദിവസവേതന തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കുന്നത് സംബന്ധിച്ചും സ്പഷ്ടീകരണം നൽകണമെന്ന് കാർഷിക

വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം ( 4 ) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. 29/11/2017 ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഫാം തൊഴിലാളി സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ മേൽ വിഷയം ചർച്ച ചെയ്യുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിൽ നിയമിക്കുന്നതിനും 19/12/2008 മുതൽ 01/12/2016 വരെ ഫാമുകളിൽ ജോലി ചെയ്ത ദിവസ വേതന തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കുന്നതിനും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പരാമർശം (1), പരാമർശം (2) ഉത്തരവുകൾ പ്രകാരം കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കപ്പെട്ട തൊഴിലാളികളെയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഫാമുകളിൽ നിയമിക്കപ്പെട്ട കാഷ്വൽ തൊഴിലാളികളെയും അതത് ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി നിയമിക്കാവുന്നതാണ്.

ii. ഓരോ ഫാമിലും നിലവിലുള്ള എല്ലാ പുരുഷ കാഷ്വൽ തൊഴിലാളികളെയും നിലവിലുള്ള സ്ഥിരം പുരുഷ തൊഴിലാളികളുടെ ഒഴിവുകളിൽ സ്ഥിരപ്പെടുത്തിയതിനു ശേഷവും സ്ഥിരം പുരുഷ ഫാം തൊഴിലാളികളുടെ ഒഴിവുകളുണ്ടെങ്കിൽ ടി ഒഴിവുകളിൽ പ്രസ്തുത ഫാമിലെ സ്ഥിരം നിയമനം ലഭിക്കാത്ത സ്ത്രീ കാഷ്വൽ തൊഴിലാളികളുണ്ടെങ്കിൽ അവർ പുരുഷന്മാരുടെ ജോലി ചെയ്യാൻ സമ്മതിക്കുന്ന പക്ഷം സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫാം കൗൺസിലിന്റെ അംഗീകാരത്തോടെ സ്ഥിര നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതേ പോലെ ഓരോ ഫാമിലും നിലവിലുള്ള എല്ലാ സ്ത്രീ കാഷ്വൽ തൊഴിലാളികളെയും നിലവിലുള്ള സ്ഥിരം സ്ത്രീ തൊഴിലാളികളുടെ ഒഴിവുകളിൽ സ്ഥിരപ്പെടുത്തിയതിനു ശേഷവും സ്ഥിരം സ്ത്രീ ഫാം തൊഴിലാളികളുടെ ഒഴിവുകളുണ്ടെങ്കിൽ ടി ഒഴിവുകളിൽ ഫാമിലെ സ്ഥിരനിയമനം ലഭിച്ചിട്ടില്ലാത്ത നിലവിലുള്ള പുരുഷ കാഷ്വൽ തൊഴിലാളികളുണ്ടെങ്കിൽ അവർക്ക് സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫാം കൗൺസിലിന്റെ അംഗീകാരത്തോടെ സ്ഥിര നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഫാം കൗൺസിൽ 15 ദിവസത്തിനകം യോഗം ചേർന്ന് തീരുമാനം എടുക്കേണ്ടതാണ്.

iii. 19/12/2008 മുതൽ 01/12/2016 വരെ (പരാമർശം ( 3 ) ഉത്തരവിന് അടിസ്ഥാനമായ ഒ.എ. 782/2016 ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് തീയതിയായ 02/12/2016 ന് മുമ്പ് വരെ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള ഫാമുകളിൽ ചുരുങ്ങിയത് 30 ദിവസമെങ്കിലും ജോലി ചെയ്ത ദിവസവേതനക്കാരായ തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി അംഗീകരിച്ചുകൊണ്ട് അവരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിയോഗിക്കാവുന്നതാണ്.

iv. സ്ഥിരം ഫാം തൊഴിലാളികളുടെ ഒഴിവുകളിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് സ്ഥിരമായി നിയമിക്കപ്പെടുന്നതിന് പരാമർശം (1), പരാമർശം(2) ഉത്തരവുകൾ പ്രകാരവും ഈ ഉത്തരവ് പ്രകാരവും അംഗീകരിക്കപ്പെട്ടവരോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കപ്പെട്ടവരോ ആയ കാഷ്വൽ

തൊഴിലാളികൾ ഇല്ലാത്ത പക്ഷം പ്രസ്തുത സ്ഥിരം ഫാം തൊഴിലാളികളുടെ ഒഴിവുകൾ നികത്തുന്നതിന് പരാമർശം (3) ൽ വ്യവസ്ഥ ചെയ്ത പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം കാഷ്വൽ തൊഴിലാളികളെ നിയമിക്കേണ്ടതാണ്

v. പരാമർശം (1), പരാമർശം(2) ഉത്തരവുകൾ പ്രകാരവും ഈ ഉത്തരവ് പ്രകാരവും അംഗീകരിക്കപ്പെട്ടവരോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കപ്പെട്ടവരോ ആയ കാഷ്വൽ തൊഴിലാളികളിൽ അർഹതയുള്ള എല്ലാ തൊഴിലാളികളെയും നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളിൽ നിയമിച്ചതിനു ശേഷമുള്ളതും ഇനി ഉണ്ടാകുന്നതുമായ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ നികത്തുന്നതിന് പരാമർശം (3) ൽ വ്യവസ്ഥ ചെയ്ത പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം കാഷ്വൽ തൊഴിലാളികളെ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നിയമിക്കേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**TEEKA RAM MEENA**
**APC & PRINCIPAL SECRETARY**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
അഡീഷണൽ ഡയറക്ടർ (ഫാംസ്), കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
പബ്ലിക്ക് റിലേഷൻസ് വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :- ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്